**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1579** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കായികമേഖലയിൽ സമഗ്രമായ അടിസ്ഥാന സൗകര്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. പി .എം. എ. സമീർ

ശ്രീ. പി. കെ. നവാസ്

ശ്രീ. സി. കെ. കാസിം

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായികസംഘടനകൾ തമ്മിലുള്ള അഭിപ്രായഭിന്നത മൂലം കായികതാരങ്ങൾക്ക് നിർണ്ണായകമായ ടൂർണ്ണമെന്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** കായികമേഖലയിൽ സമഗ്രമായ അടിസ്ഥാന സൗകര്യം ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകുന്ന വിവിധ ഇൻഡോർ സ്റ്റേഡിയം/ ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികൾ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുടെയും നിർമ്മാണം, ഒരു പഞ്ചായത്ത് ഒരു കളിക്കളം, കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഖേലോ ഇന്ത്യ പദ്ധതികൾ, പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി, എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകൾ, ഓപ്പൺ ജിംനേഷ്യം, കായിക മേഖലയുടെ സമഗ്ര വികസനത്തിനായി **ഓപ്പറേഷൻ കളരി** എന്നിങ്ങനെ വിവിധ പദ്ധതികൾ കായിക മേഖലയിലെ സമഗ്രമായ അടിസ്ഥാന സൗകര്യം ലക്ഷ്യമിടുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

**(സി)** സർക്കാർ സംവിധാനങ്ങളുമായി കായികസംഘടനകൾ ഒരുമിച്ചുപോകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അംഗീകൃത സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളിൽ നിന്ന് സമ്പൂർണ്ണവും സാക്ഷ്യപ്പെടുത്തിയതും ആവശ്യമായ രേഖകൾ സഹിതമുള്ളതുമായ വിവരങ്ങൾ ശേഖരിച്ച്, കൃത്യമായ പരിശോധനയ്ക്ക് ശേഷം ഓരോ അസോസിയേഷന്റെയും നിലവിലെ സ്ഥിതിവിവരക്കണക്കുകൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകിയിരുന്നു.

രജിസ്ട്രേഷൻ രേഖകൾ, നിലവിലെ ബൈലോ (bye-laws), ഭാരവാഹികളുടെയും തിരഞ്ഞെടുപ്പിന്റെയും വിവരങ്ങൾ, ഓഡിറ്റ് ചെയ്ത കണക്കുകൾ, ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റുകൾ, അംഗീകാരവും ഫെഡറേഷൻ അഫിലിയേഷനും സംബന്ധിച്ച രേഖകൾ എന്നിവ സമർപ്പിക്കാത്ത അസോസിയേഷനുകളെ വ്യക്തമായി തിരിച്ചറിഞ്ഞ്, പോരായ്മകൾ കാണിക്കുന്ന അസോസിയേഷൻ തിരിച്ചുള്ള പ്രസ്താവന (deficiency statement) തയ്യാറാക്കുന്നതിനും വിവരങ്ങൾ സമർപ്പിക്കാത്ത അസോസിയേഷനുകൾക്കും, അപൂർണ്ണമായ വിവരങ്ങൾ നൽകിയ അസോസിയേഷനുകൾക്കും, വ്യക്തമായ വീഴ്ചകൾ വരുത്തിയ മറ്റ് അസോസിയേഷനുകൾക്കും പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് (deficiency-cum-show-cause notice) നൽകുന്നതിനു സഹിതമുള്ള നിർദ്ദേശം സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാകുന്നതുവരെ, നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായും കായികതാരങ്ങളുടെ പരിശീലനം, മത്സര പങ്കാളിത്തം മുതലായ നേരിട്ടുള്ള ആനുകൂല്യങ്ങളെ ബാധിക്കാത്ത രീതിയിലും, കുറഞ്ഞത് നിയമപരവും സാമ്പത്തികവുമായ മാനദണ്ഡങ്ങളെങ്കിലും പാലിക്കാത്ത അസോസിയേഷനുകൾക്ക് പുതിയ ഗ്രാന്റുകളോ പൊതു അടിസ്ഥാനസൗകര്യങ്ങളുടെ പുതിയ അലോട്ട്മെന്റോ അംഗീകാരവുമായി ബന്ധപ്പെട്ട മറ്റ് ആനുകൂല്യങ്ങളോ ശിപാർശ ചെയ്യാൻ പാടില്ലെന്ന നിർദ്ദേശവും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**